കേന്ദ്ര സഹായമായി അനുവദിച്ചിട്ടുള്ള 5452.49 ലക്ഷം രൂപയിൽ നിന്നുമാണ് മാതൃകാ അങ്കണവാടികൾ നിർമ്മിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പിന്റെ വിഹിതം കണ്ടെത്തിയിട്ടുള്ളത്.

(സി) മാതൃകാ അങ്കണവാടികളിലെ ജീവനക്കാരും മറ്റ് അംഗൻവാടികളിലെ ജീവനക്കാരും തമ്മിൽ വ്യത്യാസമില്ല.

പദ്ധതി വിഹിതത്തിന്റെ ചെലവ്

258 (1636) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം ഇതുവരെ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതി നിർവ്വഹണ കാലാവധി തീരുന്നതിനുമുമ്പ് പദ്ധതി പൂർത്തികരണത്തിനായി സർക്കാർ തലത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കാമോ ;

(സി) തദ്ദേശ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കുന്ന തുക കുറയുന്നത് അധികാരവികേന്ദ്രീകരണത്തെ ദുർബലപ്പെടുത്താൻ ഇടയാക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) തദ്ദേശ സ്ഥാപനങ്ങളിൽ പദ്ധതി വിഹിതത്തിന്റെ 36.86% ഇതുവരെ ചെലവഴിച്ചു.

(ബി) എല്ലാ ആഴ്ചകളിലും നടക്കുന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുകയും എന്തെങ്കിലും തടസ്സമുള്ളപക്ഷം അവ പരിഹരിക്കുന്നതിനാവശ്യമായ തീരുമാനം കൈക്കൊള്ളുകയും ചെയ്യുവരുന്നു. കൂടാതെ, മേഖലാ തലത്തിൽ നടക്കുന്ന പദ്ധതി അവലോകന യോഗത്തിലും വകുപ്പുകളുടെ പ്രതിമാസ അവലോകന യോഗത്തിലും പദ്ധതി നിർവ്വഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തുകയും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ട നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ബഡ്ജറ്റിൽ വകയിരുത്തുന്ന തുക പൂർണ്ണമായും നൽകുന്നു. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഓരോ വർഷവും ബുഡ്ജറ്റിൽ കൂടുതൽ തുകയാണ് വകയിരുത്താറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly